# കെ എം മൗലവിയുടെ മകൻ
# ശൈഖ് അബ്ദുസ്സ്വമദ് അൽകാതിബ് رحمه الله
# യുടെ ജീവചരിത്രത്തിൽ നിന്ന് ചില ഏടുകൾ




ശൈഖ് ഡോ. ആസ്വിം അൽഖർയൂതി

رحمه الله

വിവ: അനസ് നദീരി

إن الحمد لله ،نحمده ونستعينه ونستغفره ونعوذ بالله من شرور أنفسنا ومن سيئات أعمالنا من يهده الله فلا مضل له ومن يضلل فلا هادي له وأشهد أن لا إله إلا الله وحده لا شريك له وأشهد أن محمداً عبده ورسوله أما بعد ،فإن خير الكلام كلام الله عز وجل وأحسن الهدي هديُ محمد ﷺ وشرَّ الأمور محدثاتُها وكلَّ محدثةٍ بدعةٌ وكلَّ بدعةٍ ضلالةٌ وكلَّ ضلالةٍ في النار.

- അല്ലാഹു ﷻ പറയുന്നു:

(നിങ്ങളിൽ ഈമാനുള്ളവരെയും അറിവ് നൽകപ്പെട്ടവരെയും അല്ലാഹു പദവികൾ ഉയർത്തും.)

മത പണ്ഡിതന്മാർ ഈ ഉമ്മത്തിന്റെ ശൈഖുമാരാണ്. അവർക്കാണ് സമുദായത്തിന്റെ മതപരമായ പിതൃത്വം. പണ്ഡിതന്മാരും മതവിദ്യാർത്ഥികളും തങ്ങളുടെ ശൈഖുമാരെ അറിയേണ്ടതിന്റെ പ്രാധാന്യം വിശദീകരിക്കവേ ഇമാം നവവി رحمه الله പറഞ്ഞു:

"അറിവ് പകർന്ന് തരുന്ന ശൈഖുമാർ ദീനിയ്യായ പിതാക്കന്മാരാണ്. റബ്ബുമായി അവരെ ബന്ധപ്പെടുത്തുന്നവരാണ്. ..... അവർക്ക് വേണ്ടി പ്രാർത്ഥിക്കലും, അവർക്ക് പുണ്യം ചെയ്യലും, അവരുടെ സേവനങ്ങളെ സ്മരിക്കലും, അവരുടെ നല്ല ഗുണങ്ങൾ എടുത്ത് പറയലുമൊക്കെ അവർക്ക് നന്ദി കാണിക്കലും കൽപ്പിക്കപ്പെട്ട കാര്യങ്ങളിൽപ്പെട്ടതാണ്."

വിദ്യാർത്ഥികൾ പണ്ഡിതന്മാരുടെ സേവനങ്ങളെ സ്മരിക്കലും, അവരുടെ നല്ല ഗുണങ്ങൾ എടുത്ത് പറയലും അവരോടുള്ള കടമയാണെന്നത് ഉൾക്കൊണ്ട് കൊണ്ടാണ് എന്റെ അധ്യാപകനായ ശൈഖ് അല്ലാമ അബ്ദുസ്സ്വമദ് ബ്ന് മുഹമ്മദ് അൽകാതിബ് رحمه الله യുടെ ജീവചരിത്രം കുറഞ്ഞ വാചകങ്ങളിൽ ഞാനിവിടെ കുറിക്കുന്നത്. ഇതിലൂടെ അദ്ദേഹത്തോടുള്ള കടമകൾ ഭാഗികമായെങ്കിലും നിറവേറ്റി എന്ന് വന്നേക്കാം. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ.

## • ശൈഖിന്റെ പേര്

അബ്ദുസ്സ്വമദ് ബ്ന മുഹമ്മദ് ബ്ന മുഹ്യുദ്ധീൻ. (കാതിബ് എന്ന അപര നാമത്തിൽ അറിയപ്പെട്ടിരുന്ന കെ എം മൗലവിയാണ് ഇദ്ദേഹത്തിന്റെ പിതാവ്). തയ്യിൽ കുടുബത്തിലാണ് അദ്ദേഹം ജനിച്ചത്.

## • ജനിച്ചതും വളർന്നതും

ഹിജ്റ 1349 ദുൽഖഅ്ദ മാസം 17ന് കേരളത്തിലാണ് ശൈഖ് ജനിച്ചത്. ഇംഗ്ലീഷ് തിയതി പ്രകാരം 1931 ഏപ്രിൽ-4.

ഒരു വൈജ്ഞാനിക മഹത്കുടുംബത്തിലാണ് ശൈഖിന്റെ ജനനം. പിതാവ് 'അൽകാതിബ്' എന്നറിയപ്പെട്ട മുഹമ്മദ് رحمه الله ആയിരുന്നു. വലിയ പണ്ഡിതനും, ഖത്വീബും, തൗഹീദി പ്രബോധകനുമൊക്കെയായിരുന്ന ശൈഖ് അഹമ്മദ് എന്ന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി رحمه الله യുടെ എഴുത്തുകാരനായിരുന്നു അദ്ദേഹം. ഈ ശൈഖ് അഹമ്മദ് رحمه الله യുടെ മന:പാഠമാക്കാനുള്ള കഴിവ് അപാരമായിരുന്നു. ഇബ്നു മാലികിന്റെ അൽഫിയ അദ്ദേഹത്തിന് നന്നായി ഹിഫ്ളുണ്ടായിരുന്നു, അൽഫിയ നേരെ തിരിച്ചും (പുറകിൽ നിന്ന് മുമ്പോട്ടും) അദ്ദേഹത്തിന് മന:പാഠമുണ്ടായിരുന്നു. ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമാണത്തിലും, വൈജ്ഞാനിക മാഗസിനുകളുടെ മേഖലയിലും, പ്രബോധന രംഗത്തുമെല്ലാം അദ്ദേഹത്തിന്റെ അടുക്കൽ നിന്ന് വലിയ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. 'അൽഇസ്ലാഹ്', 'അൽഇർശാദ്', 'അൽമുർശിദ്' എന്നിവ അദ്ദേഹത്തിന്റെ മാഗസിനുകളാണ്.

ശൈഖ് അബ്ദുസ്സ്വമദ് رحمه الله യുടെ ഉമ്മയുടെ പിതാവ് 'ശൈഖ് അഹമ്മദ്' (കുഞ്ഞി അഹമ്മദ് എന്നറിയപ്പെടുന്നു) വലിയ ഷാഫിഈ പണ്ഡിതനായിരുന്നു. നഹ്വിലും സ്വർഫിലും, ഗോള ശാസ്ത്രത്തിലുമെല്ലാം അദ്ദേഹത്തിന് ഗ്രന്ഥങ്ങളുണ്ട്. ഇമാം നവവിയുടെ 'ശറഹുൽ മുഹദ്ദബ്' അദ്ദേഹത്തിന് മന:പാഠമായിരുന്നു!.

ശൈഖ് അബ്ദുസ്സ്വമദ് رحمه الله നാലര വയസ്സ് മുതൽ തന്നെ തന്റെ മദ്റസാ വിദ്യാഭ്യാസം ആരംഭിച്ചു. അതിരാവിലത്തെ മദ്റസാ പഠനത്തിന് ശേഷം ഗവൺമെന്റ് സ്കൂളുകളിൽ ആധുനിക ഭൗതിക വിദ്യാഭ്യാസത്തിന് വേണ്ടിയും അദ്ദേഹം പോയി. ഈയൊരു രീതി അദ്ദേഹത്തിന്റെ വൈജ്ഞാനിക പ്രബോധന മേഖലകളിൽ വലിയ സ്വാധീനം ഉണ്ടാക്കി. അദ്ദേഹം തന്റെ ആദ്യത്തെ ഖുത്വുബ നിർവഹിച്ചത് 12 വയസ്സുള്ളപ്പോഴായിരുന്നു.

## • ഇന്ത്യയിലെ അദ്ദേഹത്തിന്റെ ഉസ്താദുമാർ

- ശൈഖിന്റെ പിതാവ് മുഹമ്മദ് അൽകാതിബ്.

ഖുർആനും കുറച്ച് അറബി ഭാഷയും പിതാവിന്റെ അടുക്കൽ നിന്ന് പഠിച്ചു. പിതാവിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ദഅവാ യാത്രകൾക്കുമുള്ള തിരക്കുകൾ കാരണം പിതാവിൽ നിന്ന് അധികം പഠിക്കാൻ സാധിച്ചിട്ടില്ല.

- അലി ഹസ്സൻ എന്ന ഉസ്താദിന്റെ അടുക്കൽ ഖുർആൻ പഠിച്ചു.
- ശൈഖ് അബ്ദുൽ ലത്വീഫ്.
- ശൈഖ് ഉബൈദുല്ലാഹ്.
- ശൈഖ് ജമാലുദ്ദീൻ.

رحمهم الله

## • ശൈഖ് സഊദിയിൽ

സഊദിയിലേക്കുള്ള ആദ്യ വരവിനെക്കുറിച്ച് ശൈഖ് തന്നെ വിവരിക്കുന്നുണ്ട്. 1367ൽ പിതാവിന്റെ മൂന്നാമത്തെ ഹജ്ജിന്റെ യാത്രയിലാണ് മുംബെയിൽ നിന്ന് ജിദ്ദയിലേക്ക് കപ്പൽ മുഖേന ശൈഖ് എത്തിയത്. ഈ യാത്രക്ക് മുമ്പ് തന്നെ അറബി ഭാഷയും, ഖുർആനും സുന്നത്തും മക്കത്ത് നിന്നോ മദീനയിൽ നിന്നോ പഠിക്കാനുള്ള ആഗ്രഹം ശൈഖ് അബ്ദുസ്സ്വമദ് തന്റെ പിതാവിനെ അറിയിച്ചിട്ടുണ്ടായിരുന്നു.

പിതാവ് അദ്ദേഹത്തിന്റെ ആഗ്രഹത്തോട് പൂർണമായും യോജിക്കുകയും അതിനുള്ള സൗകര്യങ്ങൾ ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

മക്കയിലെത്തി ശൈഖ് അബ്ദുൽ മുഹൈമിൻ അബാസംഹിനോടും, അദ്ദേഹത്തിന്റെ സഹോദരൻ ശൈഖ് അബ്ദു ള്വാഹിറിനോടും, ശൈഖ് അബ്ദുല്ലാ ഖയ്യാത്തിനോടുമെല്ലാം -(ഇവരെല്ലാം ആ സമയത്തെ ഹറമിലെ ഇമാമുമാരാണ്)- കൂടിയാലോചിച്ചപ്പോൾ മകനെ ഇപ്പോൾ അയക്കേണ്ട എന്നാണവർ അഭിപ്രായപ്പെട്ടത്. ചെറിയ പ്രായമായത് കൊണ്ട് അദ്ദേഹത്തിന്റെ കാര്യം ശ്രദ്ധിക്കാൻ പ്രത്യേകം ആളുവേണ്ടി വരും എന്നത് കൊണ്ടാകാം.

'المشاهد المعصومية'

'هدية السلطان إلى مسلمى بلاد اليابان( 'هل المسلم ملزم باتباع مذهب من المذاهب الأربعة)

തുടങ്ങിയ ഗ്രന്ഥങ്ങളെഴുതിയ ശൈഖ് മുഹമ്മദ് സുൽത്വാൻ അൽമഅ്സ്വൂമി رحمه الله യുമായും ശൈഖ് മുഹമ്മദ് കാതിബ് ഈ യാത്രയിൽ കൂടിക്കാഴ്ച്ച നടത്തിയിട്ടുണ്ടായിരുന്നു. അതിനു ശേഷം അദ്ദേഹം മദീനയിലേക്ക് പോകുകയും അവിടെ വെച്ച് മദീനത്തെ ദാറുൽ ഹദീസിന്റെ മുദീറായ ശൈഖ് അല്ലാമാ അബ്ദുർറഹ്മാൻ ബ്നു യൂസുഫ് അൽഅഫ്രീഖി رحمه الله യെ കാണുകയും ചെയ്തു.

അബ്ദുൽ അസീസ് ആലുസഊദ് രാജാവിന്റെ അനുവാദത്തോടുകൂടി 1350ൽ ശൈഖ് അഹ്മദ് ബ്നു മുഹമ്മദ് അദ്ദഹ്ലവി رحمه الله സ്ഥാപിച്ച ഒരു പ്രൈവറ്റ് മത സ്ഥാപനമാണ് ദാറുൽ ഹദീസ്. ഖുർആനും, ഹദീസും, ഉപകാരപ്രദമായ മറ്റു മതവിജ്ഞാനങ്ങളും പഠിപ്പിക്കലും, ആളുകളെ ഇസ്ലാമിലേക്ക് ക്ഷണിക്കാനും സുന്നത്തും ശരിയായ ഇസ്ലാമിക വിശ്വാസവും പ്രചരിപ്പിക്കാനും പര്യാപ്തരായ ഹദീസ് പണ്ഡിതന്മാരുടെ മാർഗത്തിലുള്ളവരെ പുറത്തിറക്കലുമാണ് ലക്ഷ്യം. അല്ലാമ അബ്ദുർറഹ്മാൻ അൽഇഫ്രീഖി رحمه الله യോട് മകന്റെ ആഗ്രഹം അറിയിച്ചപ്പോൾ "മകനെ അയച്ചോളൂ ... അവൻ എന്റെ മകനെപ്പോലെയും ഞാനവന് രണ്ടാമത്തെ പിതാവിനെപ്പോലെയും ആയിരിക്കും" എന്ന് പറഞ്ഞ് ശൈഖ് ആ ആഗ്രഹത്തെ സ്വാഗതം ചെയ്യുകയും ചെയ്തു. പിന്നീട് ഇക്കാര്യം തന്നെ പിതാവ് മദീനാ പള്ളിയിലെ ഇമാമായ ശൈഖ് അബ്ദുൽ അസീസ് ബ്നു സ്വാലിഹ് رحمه الله യോടും സംസാരിച്ചിരുന്നു. ശൈഖ് അബ്ദുർറഹ്മാൻ അൽഇഫ്രീഖിയുടെ പ്രതികരണം അറിഞ്ഞപ്പോൾ സന്തോഷം പ്രകടിപ്പിക്കുകയും മകനെ അയച്ച്

കൊടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെയാണ് ശൈഖ് അബ്ദുസ്സ്വമദ് മതപഠനത്തിനായി സഊദിയിലെത്തുന്നത്.

18 വയസുള്ളപ്പോൾ ഹിജ്റ 1368ന് ഹജ്ജ് സീസണിൽ ആയിരുന്നു ആ യാത്ര. മദീനയിൽ ദാറുൽ ഹദീസിൽ ശൈഖ് അബ്ദുർറഹ്മാൻ അൽഇഫ്രീഖി رحمه الله യുടെ അടുക്കൽ ചെന്ന് എന്നെ അറിയുമോ എന്ന് ചോദിച്ചപ്പോൾ "അബ്ദുസ്സ്വമദ് ബ്നു മുഹമ്മദ്" എന്ന് പറഞ്ഞ് അദ്ദേഹത്തെ തിരിച്ചറിയുകയും "എന്റെ മകനാണ് നീ" എന്ന് പറയുകയും ചെയ്തത് ശൈഖിന് അതിയായ സന്തോഷം ഉണ്ടാക്കി.

ശൈഖ് അൽഇഫ്രീഖിയെ കുറിച്ച് ശൈഖ് അബ്ദുസ്സ്വമദ് رحمه الله പറയുന്നത് കാണുക:

"എത്ര നല്ല അധ്യാപകനും മുഅദ്ദിബുമായിരുന്നു അദ്ദേഹം. അദ്ദേഹത്തെ പോലെ ഒരു ഉദാരനെ ഞാൻ കണ്ടിട്ടില്ല, ശൈഖ് ഇബ്നു ബാസ് ഉണ്ടെങ്കിലൊഴികെ. ശൈഖ് അബ്ദുർറഹ്മാൻ رحمه الله ക്ക് ഹറമിൽ ദർസുണ്ടായിരുന്നു. അദ്ദേഹം പോലും അറിയാത്ത നിലക്ക് അദ്ദേഹത്തിന് തന്റെ ഉപജീവനം ലഭിക്കാറുണ്ടായിരുന്നു."

രണ്ട് മാസം കൊണ്ട് ശൈഖ് പ്രാദേശിക സംസാര ഭാഷ ശീലിച്ചു. രണ്ട് വർഷം കൊണ്ട് അറബിയിൽ നല്ല പ്രാവീണ്യവും നേടി.

## • പഠനവും സഊദിയിലെ അദ്ദേഹത്തിന്റെ ശൈഖുമാരും

പിതാവിനെ പോലെ കണ്ടിരുന്ന ശൈഖ് അബ്ദുർറഹ്മാൻ അൽഇഫ്രീഖിയുടെ അടുക്കൽ അദ്ദേഹം കൂടുതൽ സമയം കഴിച്ചു കൂട്ടി. ശൈഖ് അബ്ദുസ്സ്വമദ് رحمه الله യുടെ ഭാഷാശുദ്ധി കണ്ട് അദ്ദേഹത്തെ ശൈഖ് തന്റെ ഖാരിആയി - (കിതാബ് വായിക്കാനായി)- നിശ്ചയിച്ചു.

ശൈഖിന്റെ അടുക്കൽ ഇമാം മാലിക്ക് رحمه الله യുടെ മുവത്ത്വയും, സുനനുന്നസാഇയും മുഴുവനായും, ബുഖാരി, മുസ്ലിം, മിശ്കാത്തുൽ മസ്വാബീഹ്, മുസ്ത്വലഹുൽ ഹദീസ്, ബുലൂഗുൽ മറാം, നൈലുൽ ഔത്വാർ എന്നിവ ഭാഗികമായും പഠിച്ചു. മദീനയിൽ ശൈഖ് അബ്ദുൽ കാഫി, ശൈഖ് അലി സൻബവൈഹി رحمهما الله എന്നിവരുടെ അടുക്കലും പഠിച്ചിട്ടുണ്ട്.

1371ൽ റിയാദിൽ “മഅ്ഹദു റിയാളിൽ ഇൽമ്” എന്ന സ്ഥാപനം തുറന്നപ്പോൾ ശൈഖ് അബ്ദുർറഹ്മാൻ അൽഇഫ്രീഖി അവിടേക്ക് അധ്യാപകനായി ക്ഷണിക്കപ്പെട്ടു. അദ്ദേഹം തന്റെ കൂടെ വരാനായി ശൈഖ് അബ്ദുസ്സ്വമദ് رحمه الله യോട് ആവശ്യപ്പെട്ടു. പിതാവിനോട് കത്തെഴുതി അനുവാദം ചോദിച്ചപ്പോൾ ശൈഖ് ആവശ്യപ്പെടുന്നിടത്തേക്കെല്ലാം പോയിക്കൊള്ളാൻ മറുപടി കിട്ടി. അങ്ങനെ ശൈഖ് അബ്ദുർറഹ്മാൻ തന്റെ കുടുംബത്തിനും കൂടെ ശൈഖ് ഉമർ ഫല്ലാത്ത, ശൈഖ് അബ്ദുസ്സ്വമദ് എന്നിവർക്കും റിയാദിലേക്കുള്ള ടിക്കറ്റ് അയച്ച് കൊടുത്തു.

റിയാദിൽ ശൈഖ് മുതവസ്സിത്വയും, നാലു വർഷത്തെ സാനവിയ്യയും കഴിഞ്ഞ ശേഷം 1378ൽ നാലു വർഷത്തെ ശരീഅ കോളേജിലെ പഠനവും പൂർത്തിയാക്കി.

## • റിയാദിൽ അദ്ദേഹത്തിന്റെ ശൈഖുമാർ

ശൈഖ് മുഹമ്മദ് ബ്നു ഇബ്റാഹീം,
ശൈഖ് മുഹമ്മദ് ബ്നു ഉസൈമീൻ,
ശൈഖ് അബ്ദുല്ലാഹ് ബ്നു സാഹിം (ഹറമിലെ ഇമാമാണ്),
ശൈഖ് സ്വാലിഹ് അൽഅത്വ്റം,
ശൈഖ് അബ്ദുല്ലാഹ് ബ്നു ഫൻളുഖ്,
ശൈഖ് മുഹമ്മദ് ബ്നു നദിൻ,
ശൈഖ് അബ്ദുർറഹ്മാൻ അൽബർറാക് رحمه الله എന്നിവരുടെ അടുക്കൽ പഠനം നടത്തി.

ശൈഖ് അൽബർറാകുമായി പതിവായി കൂടിക്കാഴ്ച്ചകൾ ഉണ്ടാകാറുണ്ടായിരുന്നു.

അദ്ദേഹം വളരെ വിനയാന്വിതനും, സ്നേഹത്തോടെ പെരുമാറുന്നയാളുമാണെന്ന് ശൈഖ് അബ്ദുസ്സ്വമദ് പറയാറുണ്ടായിരുന്നു.

- പഠനത്തിന് ശേഷം..

ശരീഅ: കോളേജിൽ നിന്നും പഠനം കഴിഞ്ഞിറങ്ങിയ ശേഷം നാട്ടി ലേക്ക് മടങ്ങാൻ ചിലർ സൂചിപ്പിച്ചെങ്കിലും കുറച്ച് കടബാധ്യതയുള്ളത് കൊണ്ട് അദ്ദേഹം നാട്ടിലേക്ക് മടങ്ങാനുള്ള നിർദേശം നിരസിച്ചു. 6000 റിയാലായിരു ന്നു അദ്ദേഹത്തിന് ബാധ്യതയുണ്ടായിരുന്നത്.

പിന്നീട് ശരീഅ: കോളേജിന്റെ മുദീറായ ശൈഖ് അബ്ദുല്ലത്വീഫ് ആ ലുശൈഖ് -( ശൈഖ് മുഹമ്മദ് ബ്നു ഇബ്റാഹീം ആലുശൈഖിന്റെ സഹോദരനാ ണ് അദ്ദേഹം)- ശൈഖ് അബ്ദുസ്സ്വമദ് رحمه الله യുടെ അടുത്തേക്ക് ആളെ അയച്ച് ജാമിഅയിലെ രണ്ടാമത്തെ നിലയിൽ നിരീക്ഷകനായി ജോലി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടു. ശൈഖ് അബ്ദുല്ലത്വീഫ് رحمه الله ക്ക് ശൈഖിനെ വളരെ ഇഷ്ടമാ യിരുന്നു. ഒരിക്കൽ ശൈഖ് അബ്ദുല്ലത്വീഫ് ഇല്ലാത്ത സമയത്ത് ശൈഖ് അബ്ദു സ്സ്വമദ് അറബി വംശീയതയെ കുറിച്ച് ഒരു സംസാരം നടത്തി. അറബികൾക്കി ടയിൽ വംശീയത പ്രചരിരിച്ചിരുന്ന ഒരു സന്ദർഭത്തിലായിരുന്ന് അത്. ആ സംസാരം ചിലരെ ചൊടിപ്പിക്കുകയും, വിവരം ശൈഖ് അബ്ദുല്ലത്വീഫ് رحمه الله യുടെ അടുക്കലെത്തുകയും ചെയ്തു. ശൈഖ് ആ സംസാരം വാങ്ങി പരിശോധിച്ച ശേഷം പറഞ്ഞു: "താങ്കൾ ഹഖ് മാത്രമേ പറഞ്ഞിട്ടുള്ളൂ."

പിന്നീടദ്ദേഹം ശൈഖിനെ മജ്മഅയിലെ മഅ്ഹദിൽ അധ്യാപകനാ യി നിശ്ചയിച്ചു. ഒരു അധ്യായന വർഷം ശൈഖ് അവിടെ കഴിച്ച് കൂട്ടി. ശൈഖ് അദ്ദുറൈജ്, ശൈഖ് അബ്ദുല്ല അത്തുർക്കി എന്നിവർ അവിടുത്തെ ശൈഖിന്റെ ശിഷ്യന്മാരാണ്. ശേഷം ശൈഖ് ഇബ്നു ബാസ് رحمه الله യുടെ ശുപാർശ പ്രകാരം ബൾജുറാശിയിലെ മഅ്ഹദിലും, പിന്നീട് മൂന്ന് വർഷക്കാലം ജീസാനിലെ മ അ്ഹദിലും അധ്യാപകനായി നിശ്ചയിക്കപ്പെട്ടു. അവിടെ അല്ലാമ അഹ്മദ് അ ന്നജ്മി رحمه الله അദ്ദേഹത്തിന്റെ കൂടെ ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന് ശൈഖിനോട് വലിയ സ്നേഹവും ആദരവുമായിരുന്നു. എപ്പോഴും ശൈഖിന്റെ വിവരങ്ങൾ അന്വേഷിക്കുകയും, മദീനയിൽ വന്നാൽ ശൈഖിന്റെ വീട്ടിൽ വരു കയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ മദീനാ യാത്രയിലും അങ്ങനെ ചെയ്തിരുന്നു. ജീസാനിൽ വെച്ച് തന്നെയാണ് ശൈഖ് ഹാഫിള് അ ൽ ഹകമിയെ ശൈഖ് കണ്ടുമുട്ടുന്നത്.

പിന്നീട് ഒരു വർഷം കൂടി ബൾജുറാശിയിൽ സേവനമനുഷ്ഠിച്ച ശേഷം ശൈഖ് മദീനയിലേക്ക് മടങ്ങി. മദീന ശൈഖിന്റെ സ്വപ്നമായിരുന്നു. മദീന ലക്ഷ്യം വെച്ചാണ് ശൈഖ് നാട്ടിൽ നിന്നും വന്നത്. ഹിജ്റ വർഷം 1384ൽ ജാമിഅ ഇസ്ലാമിയ്യയിൽ സെകന്ററി തലത്തിൽ ശൈഖ് അധ്യാപകനായി നിശ്ചയിക്കപ്പെട്ടു. അനന്തിരവാകാശ നിയമത്തിന്റെ അധ്യാപകനായി 1409ൽ റിട്ടേഡാകുന്നത് വരെ തുടർന്നു. അനന്തിരവാകാശ നിയമത്തിൽ ഗ്രന്ഥം രചിക്കുകയും, പ്രസ്തുത ഗ്രന്ഥം അവിടെ സിലബസായി നിശ്ചയിക്കപ്പെടുകയും ചെയ്തു.

ഈ കാലയളവിൽ ഒരുപാടാളുകൾ മഅ്ഹദിൽ ശൈഖിന്റെ അടുക്കൽ പഠിച്ചിട്ടുണ്ട്. ശൈഖിന്റെ വീട്ടിൽ വന്ന് പഠിക്കുന്നവരും ഉണ്ടായിരുന്നു.

ഹാജിമാർക്ക് ഉപദേശനിർദേശങ്ങൾ നൽകുന്ന മേഖലയിൽ ദീർഘകാലം ശൈഖ് മക്കയിലും, മദീനയിലുമൊക്കെയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മദീനയിലും, അവിടുത്തെ സമീപ ഗ്രാമങ്ങളിലും ദഅവാ രംഗത്തും ശൈഖ് രോഗിയാകുന്നത് വരെ സജീവമായിരുന്നു. രോഗിയായി 11 വർഷം കഴിഞ്ഞാണ് ശൈഖ് മരണപ്പെടുന്നത്.

- **ശൈഖിന്റെ അഖീദയും മൻഹജും**

ഖുർആനും സുന്നത്തും സലഫുകളുടെ അഖീദയനുസരിച്ച് മുറുകെ പിടിക്കുന്നതിൽ അതീവ തൽപ്പരനായിരുന്നു ശൈഖ്. അതുപോല തന്നെ പ്രബോധന രംഗത്തെ നിറ സാന്നിധ്യവുമായിരുന്നു അദ്ദേഹം, പ്രത്യേകിച്ചും ഇന്ത്യയിൽ. മദ്ഹബീ പക്ഷപാതിത്വത്തെയും, അന്ധമായ അനുകരണ പ്രവണതയെയും അദ്ദേഹം എതിർത്തു. ഹദീസുകളെക്കാളും മറ്റുള്ളവരുടെ വാക്കുകൾക്ക് മുൻഗണന നൽകുന്ന ചില മുഖല്ലിദീങ്ങളുടെ അതിരുവിട്ട മദ്ഹബീ പക്ഷപാതിത്വത്തിന്റെ കാഠിന്യം കണ്ടതുകൊണ്ട് തന്നെ ശൈഖിന്റെ ഈ വിഷയത്തിലെ നിലപാട് വളരെ കടുത്തതായിരുന്നു. സലഫുകളുടെ മൻഹജിന് എതിരാണ് എന്നതിനാലും, ഒരുപാട് കുഴപ്പങ്ങൾക്കും കാരണമാകുന്നു എന്നതിനാലും ഭരണാധികാരികൾക്കെതിരെ വിപ്ലവം നയിക്കുന്നതിൽ നിന്നും ശൈഖ് താക്കീത് ചെയ്യാറുണ്ടായിരുന്നു.

## • ശൈഖിന്റെ വിശേഷണങ്ങൾ

ഒരു പാട് മഹത്തരമായ സൽഗുണങ്ങൾ ശൈഖിൽ ഉണ്ടായിരുന്നു. ദുനിയാവ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ ലക്ഷ്യമായിരുന്നില്ല. ദീനും, സ്വയം നന്നാകലും, മറ്റുള്ളവരെ നന്നാക്കലുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യം. ജമാഅത്ത് നിസ്കാരങ്ങൾക്ക് അദ്ദേഹം നേരത്തെ എത്തും. സുന്നത്ത് നിസ്കാരങ്ങൾ വീട്ടിൽ വെച്ച് നിർവഹിക്കും. ദിക്റുകളുടെ കാര്യത്തിലും, രാത്രി നിസ്കാരത്തിന്റെ കര്യത്തിലും അദ്ദേഹത്തിന് പ്രത്യേക ശ്രദ്ധയായിരുന്നു.

അതുപോല തന്നെയായിരുന്നു സുന്നത്ത് നോമ്പിന്റെ കാര്യത്തിലും, ഭക്തിയിലും, ഉപജീവനം ഹലാലായിരിക്കണമെന്ന ശ്രദ്ധയിലുമെല്ലാം.

ഉദാരനായിരുന്നു അദ്ദേഹം. ഒരിക്കലും പിശുക്ക് കാണിക്കാറില്ലായിരുന്നു, “നീ ചിലവഴിച്ചോ, അർശിന്റെ ഉടമസ്ഥൻ നിനക്കുള്ള വിഹിതത്തിൽ വല്ല കുറവും വരുത്തുമെന്ന് നീ ഭയപ്പടേണ്ടതില്ല” എന്ന് പലപ്പോഴും ശൈഖ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ശൈഖ് മുഹമ്മദ് അൽവസർബാൻ പറയുന്നു: “മഅ്ഹദിൽ ഞാൻ ആദ്യ ക്ലാസുകളിൽ പഠിക്കുന്ന സമയത്ത് ശൈഖ് അബ്ദുസ്സ്വമദ് ഉയർന്ന ക്ലാസുകളിൽ പഠിപ്പിക്കാറുണ്ടായിരുന്നു. ശൈഖിന്റെ വിദ്യാർത്ഥികൾ ശൈഖിനെ പ്രശംസിച്ചും, പുകഴ്ത്തിയും സംസാരിക്കുന്നത് കേട്ട് ശൈഖിന്റെ അടുക്കൽ പഠിക്കാൻ ഞാനും ആഗ്രഹിക്കാറുണ്ടായിരുന്നു.”

വീട്ടുകാരുടേയും മക്കളുടേയും കാര്യത്തിലും ശൈഖ് അങ്ങേയറ്റം ശ്രദ്ധാലുവായിരുന്നു. ഖുർആനിനോടും സുന്നത്തിനോടുമുള്ള ഇഷ്ടവും, ആദരവും അവരിൽ വളർത്തുന്നതിലും തൗഹീദ് അവരിൽ ഊട്ടിയുറപ്പിക്കുന്നതിലും ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും അകറ്റുന്നതിലും ശൈഖ് അതീവ ശ്രദ്ധയും താൽപര്യവും കാണിച്ചിരുന്നു. “ഈ നാടിനെ നീ നിർഭയത്വമുള്ളതാക്കുകയും, എന്നെയും മക്കളെയും വിഗ്രഹാരാധനയിൽ നിന്ന് നീ അകറ്റുകയും ചെയ്യേണമേ” എന്ന ഇബ്രാഹീം നബി ﷺ യുടെ പ്രാർത്ഥനയുടെ ജീവിക്കുന്ന ഒരു മാതൃകയായിരുന്നു അദ്ദേഹം.

കുടുംബത്തോടും മക്കളോടുമൊന്നിച്ച് ചിലവഴിക്കാനായി ദിവസവും പ്രത്യേക സമയം അദ്ദേഹം നിശ്ചയിച്ചിരുന്നു. അവരോടൊത്ത് ഖുർആൻ പഠനവും, ഖുർആൻ പാരായണപഠനവും, ഹദീസ് പഠനവും, മനപ്പാഠമാക്കലുമൊക്കെയായി ആ സമയം അദ്ദേഹം ചിലവഴിക്കും. അതിലൊരിക്കലും അദ്ദേഹം വീഴ്ച വരുത്താറില്ലായിരുന്നു. ഈ സമയത്ത് അതിഥികളെ സ്വീകരിക്കുന്നതിനു പോലും അദ്ദേഹം ഒഴിവ് പറയുമായിരുന്നു.

അങ്ങേയറ്റത്തെ ക്ഷമാലുവായിരുന്ന അദ്ദേഹം വീട്ടുകാരോടും മക്കളോടും യുക്തിയോട് കൂടി പെരുമാറുമായിരുന്നു. നിസ്കാരത്തിന്റെ കാര്യം നിരന്തരം അവരെ പ്രോത്സാഹിപ്പിക്കുമായിരുന്നു. അദ്ദേഹം തന്നെ അവരെ ഫജ്റിന് വിളിച്ചുണർത്തും. തിന്മ വല്ലതും കണ്ടാൽ നിരന്തരം ഉപദേശിക്കും. വസ്ത്രധാരണത്തിലും മറ്റും കാഫിറുകളോട് സാദൃശ്യപ്പെടുന്നതിനെ ശൈഖ് ശക്ഷമായി എതിർക്കാറുണ്ടായിരുന്നു.

രോഗിയാകുന്നത് വരെ ധാരാളമായി ശൈഖ് വായിക്കുമായിരുന്നു. അധിക സമയവും അദ്ദേഹം ഇമാമായിരുന്ന വീടിനടുത്തെ “മസ്ജിദുർറഹ്മാൻ” എന്ന പള്ളിയിലായിരുന്നു ചിലവഴിച്ചിരുന്നത്. ആ പള്ളി നിർമാണത്തിന് മുൻകൈ എടുത്തതും ശൈഖായിരുന്നു. പള്ളി എപ്പോഴും ദർസുകളും, ഫിഖ്ഹ്, അഖീദ, അനന്തിരാവകശ നിയമങ്ങൾ തുടങ്ങി വ്യത്യസ്ത വിഷയങ്ങളിലുള്ള ഹൽഖകളും കൊണ്ട് സജീവമായിരുന്നു. ശൈഖിന്റെ അടുക്കൽ പഠിക്കാൻ വരുന്ന ഒരാളെയും അദ്ദേഹം നിരാശനാക്കി മടക്കാറുണ്ടായിരുന്നില്ല.

സ്വന്തം വസ്ത്രത്തിന്റെ കാര്യത്തിലും, വൃത്തിയുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധയായിരുന്നു ശൈഖിന്. എപ്പോഴും സുഗന്ധം ഉപയോഗിക്കുകയും, മുടിക്കും താടിക്കും നിറം കൊടുക്കുകയും ചെയ്തിരുന്നു. കൂടുതലും വെള്ള വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. വീടിന്റെ പുറത്ത് അധികവും അറബികൾ ധരിക്കുന്ന ഓവർകോട്ട് ധരിച്ചല്ലാതെ ശൈഖിനെ കാണാറില്ല. ‘പള്ളികളിലേക്ക് നിങ്ങൾ അലങ്കാരങ്ങൾ സ്വീകരിക്കുക’ എന്ന ആയത്ത് പ്രാവർത്തികമാക്കിക്കൊണ്ട് നിസ്കാരങ്ങളിലും അങ്ങനെ തന്നെയായിരുന്നു ശൈഖിന്റെ വസ്ത്രധാരണം. കൂട്ടുകാരോടും സുഹൃത്തുക്കളോടും വളരെ നല്ല പെരുമാറ്റമായിരുന്നു.

നല്ല ഭംഗിയുള്ള എഴുത്തായിരുന്നു ശൈഖിന്റേത്. ശൈഖ് അലി അൽ ഹുദൈഫി (ഇപ്പോഴത്തെ മസ്ജിദുന്നബവിയിലെ ഇമാം) എഴുത്ത് നന്നാക്കിയത് ശൈഖിന്റെ അടുക്കൽ നിന്നാണ്. അതുകൊണ്ട് തന്നെ രണ്ടു പേരുടേയും എഴുത്ത് ഏകദേശം ഒരേ പോലെയായിരുന്നു.

- **ചില സംഭവങ്ങൾ**

അല്ലാഹു അവന്റെ വലിയ്യുകൾക്ക് നൽകുന്ന കറാമത്തുകളിൽ പെട്ടതാണെന്ന് കരുതാകുന്ന ചില സംഭവങ്ങൾ ശൈഖിന്റെ ജീവിതത്തിലുണ്ടായിട്ടുണ്ട്. മൂന്ന് തവണ വളരെ അപകടകരമായ വാഹനപകടത്തിൽ നിന്ന് ശൈഖ് അത്ഭുതകരമായി രക്ഷപ്പെട്ടിട്ടുണ്ട്. അതിലൊരിക്കൽ സുഹൃത്ത് ശൈഖ് ഖാലിദ് അനസ്ഹയുടെ കൂടെ യാത്ര ചെയ്യുമ്പോൾ കാർ കീഴ്മേൽ മറിഞ്ഞു. നോമ്പുകാരനായിരുന്ന ശൈഖ് മദീനയിൽ മഗ്രിബ് നിസ്കാര ശേഷമുള്ള ദർസിനായി പോകുകയായിരുന്നു. ഹോസ്പിറ്റലിൽ പോലും പോകേണ്ടി വരാതെ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി.

ശൈഖിന്റെ മകൾ ഉമ്മു നൂറ പറയുന്നു: "ഒരിക്കൽ ശൈഖിന്റെ രണ്ട് ചെറിയ മക്കളെ കാണാതായി. അന്വേഷിച്ചിട്ടും കാണാതായപ്പോൾ ശൈഖ് വുളൂഅ് ചെയ്ത് -അസ്വറിന് ശേഷമുള്ള സമയമായിരുന്നിട്ടു കൂടി- നിസ്കരിക്കാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ മക്കൾ സുരക്ഷിതരായി തിരിച്ചെത്തി. റസൂൽ ﷺ ന്റെ സുന്നത്തനുസരിച്ച് പ്രയാസങ്ങളുണ്ടാകുമ്പോൾ അഭയം തേടി കൊണ്ട് നിസ്കരിക്കാൻ മക്കളെ അദ്ദേഹം ഓർമപ്പെടുത്താറുണ്ടായിരുന്നു.

ഒരിക്കൽ സ്വഅബിയ്യ എന്ന സ്ഥലത്ത് ദഅവത്തിനായി പോയപ്പോൾ വിഷജീവികൾ കുത്തിയതിന് മന്ത്രിക്കുന്ന ചില റാഖിമാരെ കണ്ടു. ശൈഖ് അവരുടെ മന്ത്രം കേൾപ്പിക്കാൻ ആവശ്യപ്പെട്ടു. അവരുടെ മന്ത്രം ഇങ്ങനെയായിരുന്നു: "ബിസ്മില്ലാഹി അവ്വൽ ബിസ്മില്ലാഹി സാനി ബിസ്മില്ലാഹി സാലിസ് ......ബിസ്മില്ലാഹി ആശിർ ബിസ്മി കലീമില്ലാഹി മൂസാ!!" (അല്ലാഹുവിന്റെ കലീമായ മൂസാ നബി - عليه السلام -ന്റെ നാമത്തിൽ). ശൈഖ് നിർത്താൻ ആവശ്യപ്പെട്ട ശേഷം പറഞ്ഞു: "ഈ അവസ്ഥയിൽ നിങ്ങൾ മരണപ്പെട്ടാൽ നിങ്ങൾ നരകത്തിൽ ശാശ്വതരായിരിക്കും. പത്ത് തവണ നിങ്ങൾ അല്ലാഹുവോട് തേടുകയും പതിനൊന്നാമത് അല്ലാഹുവിൽ പങ്ക് ചേർക്കുകയും ചെയ്തു."

പിന്നീട് ശിർക്കിന്റെ ഗൗരവം അവർക്ക് വിശദീകരിച്ച് കൊടുക്കുകയും, ശരിയായ മന്ത്രം എന്താണെന്ന് പറഞ്ഞ് കൊടുക്കുകയും ചെയ്തു. അതൊരു അസ്വറിന്റെ സമയത്തായിരുന്നു. അന്ന് മഗ്രിബിന് വുളൂഅ് ചെയ്യാനായി ശൈഖ് തന്റെ കോട്ട് അഴിച്ച് മുസ്വ്ഹഫ് വെക്കുന്ന ഷെൽഫിൽ വെക്കുകയും, പിന്നീടത് എടുത്ത് ധരിച്ച് ക്ലാസ് എടുക്കാൻ തുടങ്ങുകയും ചെയ്തു. പെട്ടന്ന് ശൈഖിന്റെ കഴുത്തിൽ തേള് പോലെ എന്തോ കടിച്ചു. കൈ കൊണ്ട് തട്ടി മാറ്റിയ ശേഷം ഒരുപാട് തിരഞ്ഞെങ്കിലും തേളിനെയൊന്നും കണ്ടെത്താൻ പറ്റിയില്ല. ശക്തമായ വേദനയുണ്ടായിരുന്നു. ഫജ്റ് വരെ ശൈഖ് സ്വയം ഖുർആൻ ഓതി മന്ത്രിച്ചു. രാത്രിമുഴുവൻ അദ്ദേഹം ധാരാളമായി വിയർത്തു. ഫജ്റ് ഇമാമായി നിസ്കരിച്ച് വീണ്ടും മന്ത്രിക്കൽ തുടർന്നു. ജുമുഅയുടെ സമയമായപ്പോൾ പൂർണമായും വേദന ശമിക്കുകയും ശൈഖ് ഖുത്വുബ നിർവഹിക്കുകയും, ജുമുഅ നിസ്കരിക്കുകയും ചെയ്തു. വിഷം ഞരമ്പിലൂടെ പോയി എന്ന് ശൈഖ് പറയുന്നുണ്ടായിരുന്നു.

- **പ്രബോധന മേഖല**

അന്നത്തെ പ്രമുഖ പ്രബോധകരിൽ ഒരാളായിരുന്നു ശൈഖ്, പ്രത്യേകിച്ചും ഇന്ത്യയിൽ.

ആദ്യ കാലത്ത് മസ്ജിദുൽ ഈമാൻ എന്ന പേരിലറിയപ്പെട്ടിരുന്ന മസ്ജിദു സ്വയ്യാഫിൽ വിശ്രമമില്ലാത്ത ഉപദേശ നിർദ്ദേശങ്ങളും തുടർച്ചയായ ദർസുകളും സാധാരണയായിരുന്നു. മൃദുലമായ പെരുമാറ്റവും, നല്ല ശൈലിയും, വിനയവും, ദർസുകളിലുള്ള സരളമായ ശൈലിയുമൊക്കെ കാരണം സാധാരണ ജനങ്ങൾക്ക് പോലും ശൈഖിനെ വളരെ ഇഷ്ടമായിരുന്നു. ഇത് ശൈഖിന്റെ സാധാരണക്കാർക്കിടയിലേക്ക് ഇറങ്ങിയുള്ള പ്രബോധനത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ഇങ്ങനെയുള്ള പെരുമാറ്റം കൊണ്ട് അദ്ദേഹം മുഖേന ഒരുപാട് പേർക്ക് അല്ലാഹു തൗഹീദിലേക്കും സുന്നത്തിലേക്കും മതനിഷ്ഠയിലേക്കും ഹിദായത്ത് നൽകി.

അവരിൽ പ്രധാനപ്പെട്ടവരാണ്;

ശൈഖ് സയ്യാഫ് അൽഹർബി,

ശൈഖ് മുശബ്ബബ് അൽഖഹ്ത്വാനി,

ശൈഖ് സുവൈദ് അൽമത്വീരി,

ശൈഖ് ശബാബ് അൽ മത്വീരി തുടങ്ങിയവർ.

വ്യത്യസ്ത രാജ്യക്കാരായ ജാമിഅയിലെ വിദ്യാർത്ഥികളുടെ കൂടെ ശൈഖ് നിരന്തരം ദഅവാ യാത്രകളിൽ ഏർപ്പെടാറുണ്ടായിരുന്നു.

അവർക്ക് വേണ്ട ശിക്ഷണം നൽകുകയും, പ്രസംഗ അധ്യാപന പരിശീലനം നൽകുകയും, തൗഹീദും സുന്നത്തും പ്രബോധനം ചെയ്യേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുമായിരുന്നു.

ആ വിദ്യാർഥികളുടെ കൂട്ടത്തിൽ പെട്ടവരാണ്; ഫലസ്തീനുകാരനായ ശൈഖ് ഹുസൈൻ ദിയാബ്, ഇന്ത്യക്കാരായ ശൈഖ് മഹ്ഫൂളുർറഹ്മാൻ, ശൈഖ് നൂറുല്ലാഹ്, ശൈഖ് വസ്വിയ്യുല്ലാഹ് അബ്ബാസ്, ശൈഖ് അബ്ദുൽ അലീം അബ്ദുൽ അദ്വീം, ശൈഖ് അബ്ദുൽ ബാരി ഫത്ഹുല്ലാഹ്, യമനിയായ ശൈഖ് ഹിസാം തുടങ്ങിയവർ.

ഞാൻ ശൈഖിന്റെ കൂടെ പോയ ഒരു ദഅവാ യാത്രയിൽ ഭക്ഷണമടക്കം എല്ലാ യാത്രാ ചിലവും ശൈഖായിരുന്നു ചിലവയിച്ചത്. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ.

അറബിയിലും, മലയാളത്തിലും നല്ല പ്രാസംഗികനായിരുന്നു ശൈഖ്. ശരിയായ അറബികളിൽ നിന്ന് വേർതിരിച്ച് മനസ്സിലാക്കാൻ പറ്റാത്ത വിധം ഭാഷാശുദ്ധിയുള്ള അറബി സംസാരമായിരുന്നു ശൈഖിന്റേത്. 1981ൽ കേരളത്തിലെ ഫറോഖിൽ വെച്ച് നടന്ന സമ്മേളനത്തിൽ സഊദിയിൽ നിന്നും, ഇമാറാത്തിൽ നിന്നും, കുവൈത്തിൽ നിന്നുമൊക്കെയുള്ള ശൈഖുമാരുടെ കൂടെ ശൈഖ് പങ്കെടുത്തപ്പോഴാണ് എനിക്കത് ബോധ്യമായത്.

- **പണ്ഡിതന്മാരുമായുള്ള ശൈഖിന്റെ ബന്ധം**

ശൈഖ് ഇബ്നു ബാസ് رحمه الله യുടെ അടുക്കൽ ശൈഖിന് വലിയ വിശ്വസ്തതയായിരുന്നു. ശൈഖുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ഇന്ത്യയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇബ്നു ബാസ് ശൈഖുമായി കൂടിയാലോചന നടത്താറുണ്ടായിരുന്നു. അവസാന കാലത്ത് രോഗിയായപ്പോൾ ശൈഖ് അബ്ദുൽ മുഹ്സിൻ അൽബദ്ർ حفظه الله അദ്ദേഹത്തെ സന്ദർശിക്കാറുണ്ടായിരുന്നു.

1403ൽ ജോർദാനിൽ വെച്ച് ശൈഖ് അൽബാനി رحمه الله യെ സന്ദർശിച്ചിട്ടുണ്ട്. ശൈഖ് അൽബാനി മദീനയിൽ വന്നപ്പോൾ ശൈഖിന് വേണ്ടി വലിയൊരു സൽക്കാരമൊരുക്കി. വീടിന്റെ മുകളിൽ അന്ന് ധാരാളം ആളുകൾ പങ്കെടുത്ത സുദീർഘമായ ഒരു സദസുമുണ്ടായിരുന്നു.

എന്റെ ഉസ്താദായ ശൈഖ് ബദീഉദ്ദീൻ അർറാഷിദിയുമായി ശൈഖിന് നല്ല ബന്ധമുണ്ടായിരുന്നു. അല്ലാമ തഖിയ്യുദ്ദീൻ അൽ ഹിലാലി رحمه الله ശൈഖിന്റെ വീട്ടിൽ വരികയും, സൗഹൃദം പങ്കിടുകയും ചെയ്യാറുണ്ടായിരുന്നു. ഇന്ത്യയിലെ സ്ഥാപനങ്ങളും സംഘടനകളുമായി ശൈഖിന് നല്ല ബന്ധമുണ്ടായിരുന്നു. ജംഇയത്തു അഹ്ലിൽ ഹദീസ്, ബനാറസിലെ ജാമിഅഃ സലഫിയ്യ, കേരളത്തിലെ ജാമിഅഃ നദ്‌വിയ്യ എന്നിവയുമായി പ്രത്യേകിച്ചും.

നാട്ടിലെ ജാമിഅകളെ ശരിയായ വഴി കാണിക്കുന്നതിലും, അവർക്കിടയിലെ പ്രശ്നങ്ങളിൽ സ്വുൽഹ് ഉണ്ടാക്കുന്നതിലും ശൈഖിന്റെ പങ്ക് വളരെ വലുതാണ്. ശൈഖ് ഹമ്മാദ് അൽഅൻസ്വാരി, ശൈഖ് ഉമർ ഫല്ലാത്ത رحمه الله എന്നിവരുമായും ശൈഖിന് നല്ല ബന്ധം ഉണ്ടായിരുന്നു.

## • ശൈഖ് ദർസെടുത്ത കിതാബുകൾ

അനന്തിരാവകാശ വിഷയത്തിൽ ശൈഖ് തന്നെ രചിച്ച കിതാബ് ദർസ് എടുത്തിട്ടുണ്ട്. ആ കിതാബ് ഇപ്പോഴും ജാമിഅ ഇസ്ലാമിയ്യയിലെ സിലബസാണ്. പല തവണയത് പുനപ്രസിദ്ധീകരിക്കപ്പെട്ടു. അൽഅഖീദത്തു ത്വഹാവിയ്യ, ബുലൂഗുൽ മറാം, അൽആജ്ജുറൂമിയ്യ എന്നീ ഗ്രന്ഥങ്ങളെല്ലാം ശൈഖ് ശർഹ് ചെയ്തിട്ടുണ്ട്.

## • ശൈഖിന്റെ യാത്രകൾ

ശൈഖിൻ്റെ യാത്രകൾ അധികവും ദഅവാ യാത്രകളായിരുന്നു. ദഅവത്തിനായല്ലാതെ ശൈഖ് യാത്ര ചെയ്തതായി എനിക്കറിയില്ല. ജോർദാൻ, കുവൈത്ത്, ഖത്തർ, ഈജിപ്ത്, ഇന്ത്യ, പാക്കിസ്ഥാൻ, ബ്രിട്ടൺ തുടങ്ങിയ നാടുകളിലേക്ക് അദ്ദേഹം പോയിട്ടുണ്ട്. റഷ്യയും അഫ്ഗാനും തമ്മിൽ യുദ്ധം നടക്കുന്ന സന്ദർഭത്തിലും തൗഹീദിലേക്കും ശിർക്കിനെതിരെയുമായിരുന്നു ശൈഖിന്റെ ദഅവത്ത്. ശൈഖ് ജമീലുർറഹ്മാൻ رحمه الله യുടെ കൂടെയുണ്ടായിരുന്നു ശൈഖ്. “രണ്ട് തൗഹീദും നിങ്ങൾ മുറുകെപ്പിടിക്കണം; അല്ലാഹുവിനെ ഏകനാക്കുന്ന തൗഹീദും, നിങ്ങളുടെ സ്വഫ് ഒരുമിപ്പിക്കുക എന്ന തൗഹീദും” എന്ന് ശൈഖ് ആവർത്തിച്ച് പറയാറുണ്ടായിരുന്നു.

- **ശൈഖിന്റെ വിദ്യാർത്ഥികൾ**

ശൈഖിന്റെയടുക്കൽ സ്ഥാപനങ്ങളിലും വീടിന് സമീപമുള്ള പള്ളിയിലുമായി ധാരാളം വിദ്യാർത്ഥികൾ പഠനം നടത്തിയിട്ടുണ്ട്. ശൈഖ് അലി അൽഹുദൈഫി, നൂറുൻ അലദ്ദർബ് എന്ന പോഗ്രാമിന്റെ അവതാരകനായ ശൈഖ് അബ്ദുല്ലാ ഫർഹ് അൽഗാമിദി, ശൈഖ് അസീസ് അൽഗാമിദി رحمهم الله തുടങ്ങിയവർ അവരിൽ പ്രധാനപ്പെട്ടവരാണ്.

- **ശൈഖിന്റെ രചനകൾ**

ദഅവത്തിൽ വ്യാപൃതനായതത് കൊണ്ട് തന്നെ ശൈഖിന് ഗ്രന്ഥങ്ങൾ കൂടുതലില്ല. ,അൽ ഫറാഇള്  എന്ന മദീന യൂണിവേഴ്സിറ്റിയിലെ സിലബസിലുള്ള ഗ്രന്ഥം ശൈഖിന്റെ രചനയാണ്. 12 ദർസുകളിലായി ശൈഖ് റഹബിയ്യ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ ഓഡിയോ ലഭ്യമാണ്. മരിക്കുന്നതിന് കുറച്ച് മുമ്പ് ഉസ്വൂലുൽ ഫിഖിഹിന് ചില മുഖവുരകൾ ശൈഖ് പറഞ്ഞ് കൊടുത്ത് എഴുതിപ്പിച്ചിരുന്നു. അത് പൂർത്തിയായിട്ടില്ല.

- **രോഗവും മരണവും**

അവസാന സമയത്ത് ശൈഖിന് രോഗം ബാധിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കാനത് കാരണമാക്കട്ടെ. രോഗിയായി കിടക്കുമ്പോൾ ഒരിക്കൽ ജിദ്ദയിലുള്ള ശൈഖിന്റെ ഒരു പേരമകൾ ശൈഖിന് ഇബ്നു ഉസൈമീൻ رحمه الله യുടെ കിതാബുത്തൗഹീദിന്റെ ശർഹായ അൽകൗലുൽ മുബീൻ വായിച്ചു കേൾപ്പിച്ചു. വായന തുടരാൻ ശൈഖ് ആവശ്യപ്പെട്ടു കൊണ്ടേയിരുന്നു. അങ്ങനെ 150 പേജ് വായിച്ച് തീർന്നു.

മറ്റൊരു പേരമകളോട് ഖുർആൻ ഓതാൻ ആവശ്യപ്പെട്ടു. അങ്ങനെ അവര് ഖുർആൻ പാരായണം ചെയ്യുകയും, വീണ്ടും വീണ്ടും കൂടുതൽ ഓതാൻ ആവശ്യപ്പെടുകയും അങ്ങിനെ 9 ജുസ്അ് ഓതുകയും ചെയ്തു.

മദീനയുമായും, അവിടെയുള്ള വീട്ടിലെ ലൈബ്രറിയുമായും ശൈഖിന് അഗാധമായ ഹൃദയബന്ധമായിരുന്നു. മദീനയിലേക്ക് മടങ്ങണം എന്ന് ജിദ്ദയിലായിരിക്കെ ശൈഖ് പറയാറുണ്ടായിരുന്നു. എന്തിനോടാണ് ശൈഖിന്റെ ഈ താൽപര്യം എന്ന് ചോദിക്കുമ്പോൾ ശൈഖ് പറയുമായിരുന്നു: അവിടെയുള്ള എന്റെ ലൈബ്രറിയോട്, മാത്രമല്ല "മദീനയാണ് അവർക്ക് ഖൈർ, അവർ കാര്യം മനസ്സിലാക്കുകയാണെങ്കിൽ."

പക്ഷേ അല്ലാഹു ഉദ്ദേശിച്ചതാണല്ലോ നടപ്പിലാക്കുക. റിയാദിൽ വെച്ച് റജബ് മാസം ഒരു ഞായറാഴ്ച രാവിൽ മകൻ അബ്ദുല്ലത്വീഫിന്റെ അടുക്കൽ വെച്ച് ശൈഖ് മരണപ്പെട്ടു. മകൻ ശൈഖിന് ഖുർആൻ ഓതികേൾപ്പിക്കുകയായിരുന്നു. അതിനു ശേഷം ശൈഖ് ഉറങ്ങുകയും, ശേഷം ഇശാഇനോടടുത്ത സമയത്ത് മരണപ്പെടുകയും ചെയ്തു.

15-7-1431 ഞായർ അസ്വറിന്റെ സമയത്ത് ശൈഖിന് ജനാസ നിസ്കാരം നിർവഹിക്കപ്പെട്ടു. അന്നസീം മഖ്ബറയിൽ ഖബറടക്കി. എൺപതാമത്തെ വയസ്സിലായിരുന്നു മരണം. ഒരു പാട് പണ്ഡിതന്മാരും, ഉസ്താദുമാരും, വിദ്യാർത്ഥികളും, സ്ഥാപന അധികാരികളും, പ്രിയപ്പെട്ടവരുമെല്ലാം ശൈഖിന്റെ മരണത്തിൽ അനുശോചനം അറിയിച്ചു.

فرحم الله شيخنا وأسكنه فسيح جناته ورزق أهله وذريته الصبر والسير على طريقته في تعظيم الكتاب والسنة والدعوة إلى التوحيد ونبذ الشرك والخرافة. والحمد لله رب العالمين.